പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 30/10/19

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 221

# 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്‌മെന്റുകൾ (ഭേദഗതി) ബിൽ

1054/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 221

# 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

## 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7 എ വകുപ്പിന്റെ ഭേദഗതി.—1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിലെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുപകരം ഇനിപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ, അങ്ങനെയുള്ള ഒരംഗത്തിന്, രണ്ട് കാലയളവുകളിലേക്ക് മാത്രമേ തുടർച്ചയായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ തെരഞ്ഞെടുക്കപ്പെടുന്നതിനോ അർഹതയുണ്ടായിരിക്കുകയുള്ളൂ.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 31) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ

ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിന്റെ (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്) 7എ വകുപ്പ് ബോർഡിലെ ഓരോ അംഗത്തിനും, അതതുസംഗതിപോലെ, നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തെരഞ്ഞെടുക്കപ്പെട്ടതോ ആയ തീയതി മുതൽ രണ്ട് വർഷക്കാലയളവിലേക്ക് ഔദ്യോഗികസ്ഥാനം വഹിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, അദ്ദേഹത്തിന്റെ ഔദ്യോഗിക കാലാവധി അവസാനിച്ചു എന്ന കാരണത്താൽ ബോർഡിലെ അംഗമല്ലാതായിത്തീരുന്ന ഒരാളിന്, അദ്ദേഹത്തിന് മറ്റ് വിധത്തിൽ യോഗ്യതയുണ്ടെങ്കിൽ, വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന അങ്ങനെയുള്ള ഒരംഗത്തിന് തുടർച്ചയായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ, വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ല എന്നു വ്യവസ്ഥ ചെയ്യുന്നു.

2. പ്രസ്തുത വ്യവസ്ഥ പ്രകാരം, ഔദ്യോഗിക കാലാവധി അവസാനിച്ചു എന്ന കാരണത്താൽ ബോർഡിലെ ഒരംഗമല്ലാതായിത്തീർന്ന ഒരാളിന്, തുടർച്ചയായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ, വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ല. 7എ വകുപ്പ് (2)-ാം ഉപവകുപ്പിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു പകരം, ബോർഡിലെ അപ്രകാരമുള്ള ഒരംഗത്തിന് രണ്ടു കാലയളവിലേക്ക് മാത്രമേ തുടർച്ചയായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനോ അർഹതയുണ്ടായിരിക്കുകയുള്ളു എന്ന ക്ലിപ്തനിബന്ധന ചേർത്തുകൊണ്ട്, പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2018 ഒക്ടോബർ 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഒക്ടോബർ 17-ാം തീയതിയിലെ 2592-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 54-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2018 നവംബർ 27-ാം തീയതി ആരംഭിച്ച് 2018 ഡിസംബർ 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 168-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2019-ലെ 4) 2019 ജനുവരി 7-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജനുവരി 7-ാം തീയതിയിലെ 36-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ 2019 ജനുവരി 25-ാം തീയതി ആരംഭിച്ച് 2019 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 14-ാം നമ്പർ ഓർഡിനൻസ്) 2019 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 മാർച്ച് 1-ാം തീയതിയിലെ 549-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിനാലാം കേരള നിയമസഭയുടെ 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 31-ാം നമ്പർ ഓർഡിനൻസ്) 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജൂലൈ 6-ാം തീയതിയിലെ 1504-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. 2019-ലെ 31-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കടകംപള്ളി സുരേന്ദ്രൻ.

(ശരിത്തർജ്ജമ)

# 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1951-ലെ XIX-ാം മദ്രാസ് ആക്റ്റ്)

** ** ** **

7 എ. അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) ബോർഡിലെ ഓരോ അംഗത്തിനും, അതതു സംഗതി പോലെ, നാമനിർദ്ദേശം ചെയ്യപ്പെട്ട അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ രണ്ട് വർഷ കാലയളവിലേക്ക് ഉദ്യോഗം വഹിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) തന്റെ ഔദ്യോഗിക കാലാവധി അവസാനിച്ചു എന്ന കാരണത്താൽ ബോർഡിലെ ഒരംഗമല്ലാതായിത്തീരുന്ന ഒരാളിന്, അദ്ദേഹം മറ്റു വിധത്തിൽ യോഗ്യനാണെങ്കിൽ, വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാനോ വീണ്ടും തെരഞ്ഞെടുക്കപ്പെടാനോ അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരംഗത്തിന് തുടർച്ചയായുള്ള വീണ്ടും നാമനിർദ്ദേശത്തിനോ, വീണ്ടും തെരഞ്ഞെടുക്കപ്പെടലിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

** ** ** **